"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് - അവശതാ പെൻഷൻ ഗുണഭോക്താക്കൾക്കുള്ള പെൻഷൻ വിതരണം - തുക അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്**

സ.ഉ.(സാധാ) നം.729/2025/LBR    തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:-    05.05.2025-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ I/1344105/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കശുവണ്ടി മേഖലയിൽ പണിയെടുത്തിരുന്ന തൊഴിലാളികളിൽ വിവിധ രോഗങ്ങൾ കാരണം തൊഴിൽ ചെയ്യാൻ കഴിയാതെ വന്നതിനെ തുടർന്ന് റിട്ടയർ ചെയ്യേണ്ടി വന്ന തൊഴിലാളികൾക്ക് കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ നിന്നും സർക്കാർ ധനസഹായത്തോടെ മറ്റ് പെൻഷണർമാരോടൊപ്പം അവശതാ പെൻഷൻ അനുവദിച്ചു വന്നിരുന്നു. എന്നാൽ 2022 ഒക്ടോബർ മാസം മുതൽ അവശതാ പെൻഷൻകാരെ ഒഴിവാക്കിയാണ് സർക്കാർ പെൻഷൻ അനുവദിക്കുന്നത്.

2) ബോർഡിന്റെ ഭരണ ചെലവുകൾക്കും പെൻഷൻ ഇതര ആനുകൂല്യ വിതരണത്തിനും സർക്കാർ തുക അനുവദിക്കുന്നുണ്ട്. എന്നാൽ, സർക്കാർ ധനസഹായമില്ലാതെ അവശതാ പെൻഷൻ വിതരണം ചെയ്യുന്നതിന് നിലവിലെ സാഹചര്യത്തിൽ ബോർഡിന് കഴിയുകയില്ല എന്ന് കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് ചെയർമാൻ പരാമർശ കത്തു പ്രകാരം അപേക്ഷിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, ബോർഡ് മുഖേന നൽകുന്ന അവശതാ പെൻഷൻ വിതരണത്തിനായി 2230-01-103-96-(NP) ശീർഷകത്തിൽ നിന്നും 2,00,00,000 (രണ്ടു കോടി രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ.കെ.ചന്ദ്ര
അഡിഷണൽ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (10.06.2025-ലെ 3114431/LBR-2/102/2025-FIN നമ്പർ ഫയൽ കുറിപ്പ് പ്രകാരം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
വെബ് &ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി )
ഓഫീസ് കോപ്പി/കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 19-06-2025 12:09:35
സെക്ഷൻ ഓഫീസർ